HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) വേണ്ടതുചെയ്യുന്നതാണ്.

മത്സ്യവ്യവസായം.

580. MR. WILSON PETER : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു: മത്സ്യവ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മത്സ്യവ്യവസായം പുനരുദ്ധരിക്കുന്നതിന് ഇൻഡ്യാഗവണ്മെൻറിൽനിന്നും എന്തെങ്കിലും ധനസഹായം തിരുവിതാംകൂറിനു ലഭിച്ചിട്ടുണ്ടോ?

(ബി) കിട്ടിയിട്ടുണ്ടെങ്കിൽ അതെത്ര?

(സി) എന്തെല്ലാം കാര്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്? അവ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്?

HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) ഫ,വ൨,൨൦൦ രൂപാ.

(സി) 'ബി' ലക്കത്തിൽ പറയുന്ന തുകയും, നമ്മുടെ ഗവണ്മെൻറു് അനുവദിച്ചിട്ടുള്ള ൨,൫൩,൦൫൦ രൂപായും മത്സ്യോല്പാദനം, സംഭരണം, വിതരണം, ശുദ്ധജലാശയങ്ങളിലും കായലിലും മത്സ്യം വളർത്തുക തുടിയായ നാനു ഗവേഷണപദ്ധതികൾക്കായി വിനിയോഗിക്കുകയാണ്. പദ്ധതികളെല്ലാം വിജയപ്രദങ്ങളാണ്.

മത്സ്യവ്യവസായത്തെപ്പറ്റിയുള്ള പരിശീലനം.

581. MR. WILSON PETER : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു: മത്സ്യവ്യവസായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മത്സ്യവ്യവസായത്തെപ്പറ്റിയുള്ള പരിശീലനം നടത്തുന്നതിന് സയാമിലേക്ക് ആരെയെങ്കിലും അയച്ചിട്ടുണ്ടോ?

(ബി) അദ്ദേഹത്തിന്റെ പേരെന്താണു?

(സി) അദ്ദേഹത്തെത്തന്നെ ഈ പരിശീലനത്തിനയയ്ക്കുവാൻ തക്ക പ്രത്യേകയോഗ്യതകളുണ്ടോ?

(ഡി) അതിനായി ഗവണ്മെൻറിൽനിന്നും എന്തു സംഖ്യചെലവാക്കീട്ടുണ്ട്?

(ഇ) അദ്ദേഹം പരിശീലനം കഴിഞ്ഞു തിരിച്ചെത്തിയതിനു ശേഷം എന്തെല്ലാം പുതിയ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly